ഇന്റർനെറ്റ് വഴി ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യവും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കനറ ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് സൗകര്യവും ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക, പണമടച്ചതിന്റെ വിശദാംശങ്ങൾ തത്സമയംതന്നെ ഉപഭോക്താക്കൾ നൽകിയ മൊബൈൽ നമ്പറിലോ, ഇ-മെയിൽ വിലാസത്തിലോ ലഭ്യമാക്കുക, ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന ഓൺലൈൻ സംവിധാനത്തിൽ ഉപഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്യുന്നതിനും രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കൺസ്യൂമർ നമ്പറിലേയും പണം അടയ്ക്കുന്നതിനുള്ള ബില്ലുകൾ തിരഞ്ഞെടുത്ത് അവ ഓൺലൈനായി അടയ്ക്കുന്നതിനും സൗകര്യം ലഭ്യമാക്കുക, മുൻകാലങ്ങളിലുള്ള വൈദ്യുതി ബില്ലുകളുടെ വിശദാംശങ്ങൾ, പണമടച്ചതിന്റെ വിവരങ്ങൾ, വൈദ്യുതി ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം അറിയാൻ കഴിയുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി, ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും, പരാതികൾ പരിഹരിക്കുന്നതിനും ഉള്ള സേവനം, ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവൃത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകിവരുന്നു. വൈദ്യുതി ബോർഡിലെ ബില്ലിംഗിനായി ഉപയോഗിക്കുന്ന സോഫ്റ്റ്വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്തി എല്ലാ സെക്ഷൻ ഓഫീസുകളിലും വിന്യസിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിലെ എല്ലാ ഡിവിഷൻ ഓഫീസുകളും കേന്ദ്രീകരിച്ച് മീറ്റിംഗുകൾ വിളിച്ചുചേർക്കുകയും ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ട പ്രവൃത്തിക്കുന്ന ജീവനക്കാർക്ക് ഈ സംവിധാനം ഫലപ്രദമായി വിനിയോഗിക്കുന്നതിനുവേണ്ടി ചെയ്യേണ്ട കാര്യങ്ങൾ വിശദമാക്കികൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വൈദ്യുതി ബോർഡ് ചെയർമാൻ നേരിട്ടുതന്നെ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം രണ്ടുതവണ വിളിച്ചുചേർക്കുകയും ഓൺലൈൻ സംവിധാനം ഫലപ്രദമായി പ്രവൃത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പുതുതായി കമ്മിഷൻചെയ്ത ജലവൈദ്യുത പദ്ധതികൾ

59 (444) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതൊക്കെ ജലവൈദ്യുത പദ്ധതികളാണ് കമ്മിഷൻചെയ്തതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര യൂണിറ്റ് വൈദ്യുതിയാണ് ഈ സർക്കാർ അധികാരമേറ്റ ശേഷം കൂടുതലായി ഉൽപാദിപ്പിച്ചതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാളിതുവരെ പൂർത്തീകരിച്ച പദ്ധതികളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) 23487 ദശലക്ഷം യൂണിറ്റ് (42.91 MW) അധികമായി ഉത്പാദിപ്പിച്ചു.

വൈദ്യുതി ചാർജ് കുടിശ്ശിക

60 (445) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ വൈദ്യുതി ചാർജ്ജ് ഇനത്തിൽ എത്ര തുക കുടിശ്ശികയുണ്ടായിരുന്നു എന്ന് അറിയിക്കുമോ ;

(ബി) കുടിശ്ശികയിനത്തിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട് എന്ന് അറിയിക്കുമോ ; ഇതിൽ ഗാർഹിക ഗാർഹികേതര ഉപഭോക്താക്കളുടെ കണക്ക് പട്ടിക തിരിച്ച് നൽകുമോ;

(സി) നിലവിൽ എത്ര തുക കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ടെന്നു വെളിപ്പെടുത്തുമോ;

(ഡി) വൻകിടക്കാരായ സ്ഥാപനങ്ങളിൽ നിന്ന് കുടിശ്ശികയിനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തുക പിരിച്ചെടുക്കുന്നതിന് ഈ ഗവൺമെന്റ് നടപ്പാക്കിയ കാര്യങ്ങൾ വിശദീകരിക്കുമോ?

ഉത്തരം

(എ) 30-6-2011-ലെ കണക്കുപ്രകാരം 1202.59 കോടി രൂപയാണ് വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഉണ്ടായിരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 112805.65 ലക്ഷം രൂപയാണ് പിരിച്ചെടുത്തിട്ടുള്ളത്.

ഗാർഹികം - 36089.73 ലക്ഷം

ഗാർഹികേതരം - 76715.92 ലക്ഷം

(ഈ സർക്കാർ ചുമതലയേറ്റ സമയത്ത് നിലവിലുണ്ടായിരുന്ന കുടിശ്ശികയും പിന്നീട് കാലാകാലങ്ങളിൽ ഉണ്ടായ കുടിശ്ശികയും ഉൾപ്പെടെ)

(സി) വൈദ്യുതി ചാർജ്ജ് കുടിശ്ശികയുടെ ത്രൈമാസ കണക്കുപ്രകാരം 30-9-2015-ൽ ആകെ 1964.12 കോടി രൂപയാണ് കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly